ശ്രീ. വി. കുട്ടികൃഷ്ണൻ നായർ: ഈ തെരഞ്ഞെടുപ്പ് നടത്തുന്നതു് പഴയ നിയമത്തിന്റെ അടിസ്ഥാനത്തിലാണോ, ഇപ്പോഴത്തെ അസംബ്ലിയുടെ മുമ്പിലുള്ള ബില്ലിന്റെ അടിസ്ഥാനത്തിലാണോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: അസംബ്ലിയുടെ മുമ്പിലുള്ള ബില്ലിന്റെ അടിസ്ഥാനത്തിലല്ല, പഴയ നിയമത്തിന്റെ അടിസ്ഥാനത്തിലാണു്.

കയർ കോർപ്പറേഷൻ ഡയറക്ടർ ബോർഡു്

* 228 [814] ശ്രീ. എൻ. വാസുദേവൻ പിള്ള,
,, വി. ശ്രീധരൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ കോർപ്പറേഷൻ ഡയറക്ടർ ബോർഡു് രൂപീകരിക്കുന്നതിൽ ഗവണ്മെന്റു് സ്വീകരിച്ച മാനദണ്ഡം എന്തെന്നു് വെളിപ്പെടുത്താമോ;

(ബി) കേരളത്തിലെ ഏറ്റവും നല്ലയിനം കയറായ ''അഞ്ചുതെങ്ങു കയർ'' ഉല്പാദിപ്പിക്കുന്ന തിരുവനന്തപുരം ജില്ലയ്ക്കു് ഈ കോർപ്പറേഷനിൽ പ്രാതിനിദ്ധ്യം നൽകിയിട്ടുണ്ടോ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസു്):

(എ) കയർ ഉല്പന്നങ്ങളുടെ കയറുമതി പ്രോത്സാഹിപ്പിക്കുക, ചെറുകിട കയറുൽപ്പാദകർക്കു് ന്യായമായ വിലയും തൊഴിലാളികൾക്കു് അർഹിക്കുന്ന വേതനവും ലഭിക്കുക എന്നീ കാര്യങ്ങളിൽ നേരിട്ട താൽപ്പര്യമുള്ളവർക്കു് പ്രാതിനിദ്ധ്യം കൊടുത്തുകൊണ്ടാണു് സംഘടിപ്പിച്ചിരിക്കുന്നതു്.

(ബി) കയർപിരി മേഖലയുടെ സംരക്ഷണം നൽകുന്നതിനു് സഹകരണ മേഖലയെ പ്രോത്സാഹിപ്പിക്കുന്ന നയമാണു് സ്വീകരിച്ചിട്ടുള്ളതു്.

ശ്രീ. എൻ. വാസുദേവൻ പിള്ള: സർ, കയർപിരി വ്യവസായികൾക്കു് സഹകരണ മേഖലയിലാണു് പ്രോത്സാഹനം കൊടുക്കുവാൻ നിശ്ചയിച്ചിരിക്കുന്നതെന്നു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, അവരേക്കൂടി കോർപ്പറേഷനിൽ ഉൾപ്പെടുത്തുന്ന കാര്യം ഗവണ്മെന്റു് പ്രത്യേകം ശ്രദ്ധിക്കുമോ?

ശ്രീ. ടി. വി. തോമസു്: കയർ ഉൽപ്പന്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള കോർപ്പറേഷനിൽ കയർപിരിക്കാർക്കു് പ്രാതിനിദ്ധ്യം കൊടുക്കേണ്ടതില്ലെന്നാണു് ഗവണ്മെന്റിന്റെ സുചിന്തിതമായ തീരുമാനം.

ശ്രീ. എൻ. വാസുദേവൻ പിള്ള: കേരളത്തിൽ ഏറ്റവും നല്ലയിനം കയറായ അഞ്ചുതെങ്ങു കയർ ഉൽപ്പാദിപ്പിക്കുന്ന ചിറയിൻകീഴു് താലൂക്കിൽ ഇന്നു് വ്യാവസായിക മാന്ദ്യം ഉണ്ടു് എന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസു്: കയർപിരി മേഖലയിൽ ചിലപ്പോഴൊക്കെ മാന്ദ്യം ഉണ്ടാകാം. ചിലപ്പോൾ അഭിവൃദ്ധിയും ഉണ്ടാകാം. ഇതൊക്കെ പരിഹരിക്കുന്നതിനു് ഒരു സ്കീം തയ്യാറാക്കിയിട്ടുണ്ടു്. ആ സ്കീം നടപ്പിലായി കഴിഞ്ഞാൽ മാത്രമെ ശാശ്വതമായിട്ടുള്ള പരിഹാരം ഉണ്ടാകുകയുള്ളു.

ശ്രീ. എൻ. പ്രഭാകരതണ്ടാർ: കയർ പിരിക്കുന്ന ആളുകൾക്കു് ന്യായമായ വില കിട്ടുന്നതിനുവേണ്ടി തൊണ്ടുവില നിയന്ത്രിക്കുന്ന കാര്യത്തിൽ ഗവണ്മെന്റു് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ്: എത്രയോ പ്രാവശ്യം ഇക്കാര്യം പറഞ്ഞിട്ടുള്ളതാണ്. കഴിഞ്ഞ ആഴ്ചയിൽകൂടി അഡ്വൈസറികമ്മിറ്റികൂടി അവസാന തീരുമാനം എടുത്തുകഴിഞ്ഞു, ഏറ്റെടുത്തേണ്ട വിലയെ സംബന്ധിച്ചും തീരുമാനമെടുത്തുകഴിഞ്ഞു. സെൻട്രൽ ഗവണ്മെൻറിന്റെ പ്രീവിയസ് അപ്രൂവലിനു വേണ്ടി അപേക്ഷിച്ചിരിക്കുകയാണ്. ഡിസംബർ ഒന്നാം തീയതി മുതൽ തൊണ്ടുവില പ്രാബല്യത്തിൽ വരുമെന്നും പത്രങ്ങളിൽ കൂടിപ്പും ഇറക്കിയിട്ടുണ്ട്.

ശ്രീ. പി. ഗംഗാധരൻ: കയർ ഉൽപ്പാദനത്തിൽ പ്രവർത്തിക്കുന്ന ആളുകളിൽ നിന്നും പ്രതിനിധികളെ എടുത്തിരിക്കുന്നു എന്നു പറഞ്ഞു, കയർ ഉൽപ്പാദനവും കയർപിരിയും തമ്മിലുള്ള വൈവിദ്ധ്യം എന്താണ് ?

ശ്രീ. ടി. വി. തോമസ്: കയർ പിരിക്കുന്ന ആളുകൾക്കു ഗവണ്മെൻറു് സഹകരണ മേഖലയിലാണു് പ്രോത്സാഹനം കൊടുക്കുന്നതു്. കയർ ഉൽപ്പന്നങ്ങൾ വാങ്ങിക്കുന്ന ജോയിൻറു സ്റ്റോക്കു് കമ്പനിയിൽ പ്രാതിനിദ്ധ്യം കിട്ടുന്ന ആളുകളും തമ്മിൽ വളരെയധികം വ്യത്യാസം ഉണ്ടു്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: കയർ ഡവലപ്മെൻറു് സ്കീം ആഗസ്റ്റു് മാസത്തിൽ നടപ്പിലാക്കുമെന്നു് അസംബ്ലിയിൽ മുമ്പു് ഉറപ്പുതന്നതാണു്. ഒക്ടോബർ ആയിട്ടും അതു നടപ്പിലാക്കുവാനുള്ള നടപടികളൊന്നും എടുത്തുകാണുന്നില്ല. ഡവലപ്മെൻറു് സ്കീം നടപ്പിലാക്കുവാനുള്ള കാലതാമസം എന്താണു്?

ശ്രീ. ടി. വി. തോമസ്: ഞങ്ങൾ ഉദ്ദേശിച്ച മുഴുവൻ പ്രോജക്ടുകളും നടപ്പിലാക്കുന്നതിനു് ബഡ്ജറ്റിൽ പണം ഇല്ല. കൂടുതൽ പണം കേന്ദ്ര ഗവണ്മെൻറിനോടു് ആവശ്യപ്പെട്ടിട്ടുണ്ടു്, കിട്ടുമെന്നു പ്രതീക്ഷിച്ചിരിക്കുകയാണു്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: പൈലറ്റു് പ്രോജക്ടു് എന്ന നിലയിൽ ചിറയിൻകീഴു് താലൂക്കിൽ ഒരു പ്രോജക്ടു് ആരംഭിക്കുമെന്നും അതിനുശേഷം സഹകരണ സംഘങ്ങൾക്കു് സഹായധനം ലഭിക്കുമെന്നും പറഞ്ഞിരുന്നു. പ്രോജക്ടു് ആരംഭിക്കാതിരിക്കുകയും സഹകരണ സംഘങ്ങൾക്കു് ന്യായമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ രണ്ടു വർഷമായിട്ടും പ്രൈമറി കോവാപ്പറേറ്റീവ്സിനു ലഭിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം അറിയാമല്ലോ? ആ നിലയിൽ ഈ ഗവണ്മെൻറു് നീക്കിവച്ച ധനം ഏതു നിലയിലാണു് ഉപയോഗിക്കുന്നതു്?

ശ്രീ. ടി. വി. തോമസ്: അടിയന്തിര സ്ഥിതിഗതികൾ ഉണ്ടായിട്ടു് രണ്ടു വർഷമായിട്ടില്ല. പുതിയ സ്കീം പബ്ലിഷു് ചെയ്തതിനുശേഷം പുതിയ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കേണ്ടയെന്നും അങ്ങനെ സംഘടിപ്പിക്കുന്നവർക്കു് ലോൺ കൊടുക്കേണ്ടയെന്നും മുമ്പു് തീരുമാനിച്ചുകഴിഞ്ഞതാണു്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: കഴിഞ്ഞ കാലത്തു് രജിസ്റ്റർ ചെയ്യുകയും പ്രവർത്തനത്തിൽ ഇരിക്കുകയും ചെയ്ത സൊസൈറ്റികൾക്കു് ധനസഹായം നൽകുന്ന കാര്യം ഗവണ്മെൻറു് ശ്രദ്ധിക്കുമോ?

ശ്രീ. ടി. വി. തോമസ്: കൊടുക്കുന്ന പണം ന്യായമായി ഉപയോഗിച്ചില്ലെങ്കിൽ എത്ര പ്രാവശ്യം ഗവണ്മെൻറിനെ ചൂണ്ടിക്കാണിച്ചാലും പണം കൊടുക്കുവാൻ സാദ്ധ്യമല്ല.

ശ്രീ. എൻ. പ്രഭാകരത്തണ്ടാർ: കയർപിരി എന്ന തൊഴിൽ പരിപൂർണ്ണമായി ഇല്ലായ്മ ചെയ്യാൻ കൊണ്ടുവന്ന കയർപിരി യന്ത്രങ്ങൾ നിരുത്സാഹപ്പെടുത്തുവാൻ ഗവണ്മെൻറു് ശ്രമിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ്: തൊണ്ടുതല്ലുന്നതിനു യന്ത്രങ്ങളും ഉപയോഗിക്കുന്നതു് നിരുത്സാഹപ്പെടുത്തണമെന്നു് നിവേദനം കിട്ടിയിട്ടുണ്ടു്. കയർപിരി യന്ത്രങ്ങളും പ്രോത്സാഹിപ്പിക്കണമെന്നും നിവേദനം കിട്ടിയിട്ടുണ്ടു്.

ഇൻഡസ്ട്രിയൽ കോഓപ്പറേറ്റീവു് സൊസൈറ്റികളിലെ യന്ത്രസാമഗ്രികളും

* 229 [815] ശ്രീ. പി. വി. അബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവു് സൊസൈറ്റികൾക്കു് നൽകിയിട്ടുള്ള ഗ്രാൻറു്, ലോൺ മുതലായവകൊണ്ടു വാങ്ങിയിട്ടുള്ള ഭീമമായ തുകയ്ക്കുള്ള യന്ത്രസാമഗ്രികളും ഉപയോഗിക്കപ്പെടാതെ കിടക്കുന്ന വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ യന്ത്രസാമഗ്രികളും ഗവണ്മെൻറുതന്നെ തിരികെ എടുത്തു് ആവശ്യമുള്ളവർക്കു് കൊടുക്കാൻ ഏർപ്പാടു ചെയ്യുമോ;

(സി) എങ്കിൽ ഇങ്ങനെ എടുക്കപ്പെടുന്ന യന്ത്രങ്ങളുടെ മുടക്കുമുതൽ സൊസൈറ്റികളുടെ ലോണിൽനിന്നും കിഴിവുചെയ്തു കൊടുക്കാനും ഗവണ്മെൻറു് സത്വരനടപടികളും സ്വീകരിക്കുമോ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) ഉണ്ടു്.

(ബി) ഗവണ്മെൻറു് സഹായത്തോടെ വാങ്ങിയിട്ടുള്ള യന്ത്രസാമഗ്രികളും ഉപയോഗിക്കുന്നില്ലെങ്കിൽ സഹകരണസംഘം ആകുന്നും ഗുണിനും വിധേയമായി വിൽക്കുവാൻ ഏർപ്പാടു ചെയ്യുകയോ മറ്റു രീതിയിൽ കൈകാര്യം ചെയ്യുകയോ ചെയ്യാവുന്നതാണു്.

(സി) സംഘങ്ങളും ഗവണ്മെൻറുമായി ഏർപ്പെട്ടിട്ടുള്ള കരാറുകളുടെ സംഘങ്ങളുടെ നിബന്ധനകളുടെ വിധേയമായി ഇക്കാര്യത്തിൽ വേണ്ട പരിശോധന നടത്തി തീരുമാനമെടുക്കുന്നതാണു്.

ശ്രീ. പി. വി. അബ്രഹാം: ഏതെങ്കിലും സൊസൈറ്റികളിൽനിന്നും നിവേദനങ്ങളും കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ്: അങ്ങനെ സ്പെസിഫിക്കായിട്ടു് നിവേദനം ഏതെങ്കിലും സൊസൈറ്റികളിൽനിന്നു കിട്ടിയതായി ഓർക്കുന്നില്ല. അങ്ങനെ കിട്ടിയിട്ടുണ്ടെങ്കിൽ ഗുണിനും ചട്ടങ്ങളുടെ വിരുദ്ധമല്ലാത്ത നിലയിൽ സ്വീകരിക്കുവാൻ ഗവണ്മെൻറു് തയ്യാറാണു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഗവണ്മെൻറു് ധാരാളം തുക ലോണായിട്ടു് കൊടുത്തിട്ടുള്ള ചെറുകിട വ്യവസായങ്ങൾ നിമ്മിച്ച സാധനങ്ങൾ ഗവണ്മെൻറു് സ്ഥാപനങ്ങൾ വാങ്ങുന്നതിനുവേണ്ടിയുള്ള വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ്: ചെറുകിട വ്യവസായ യൂണിറ്റുകൾ എന്ന നിലയിൽ പത്തു ശതമാനം പ്രൈസ് പ്രിഫറൻസ് കൊടുക്കണം. വൻകിട യൂണിറ്റുകൾക്കും, മീഡിയം യൂണിറ്റുകൾക്കും അഞ്ചു ശതമാനം കൊടുക്കണമെന്നും ഗവണ്മെൻറു തീരുമാനമെടുത്തിട്ടുണ്ടു്. രണ്ടാമതു് ഈ സൊസൈറ്റികളെ പ്രോത്സാഹിപ്പിക്കുവാനും സഹായിക്കാനും അവർ ഉൽപ്പാദിപ്പിക്കുന്ന സാധന

LIBRARY ARCHIVES Kerala Legislative Assembly